DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

10-02-2020

# കാർഷികമേഖലാവാർത്തകൾ

## അറിയിപ്പ്

തിരുവനന്തപുരം കഴക്കൂട്ടം ആർ എ റ്റി റ്റി സി യിൽ ഈ മാസം 13 മുതൽ 15 വരെയുള്ള ദിവസങ്ങളിൽ കിഴങ്ങുവർഗ്ഗവിളകളുടെ കൃഷിയെ സംബന്ധിച്ച 3 ദിവസത്തെ പരിശീലനവും 24 മുതൽ 26 വരെയുള്ള ദിവസങ്ങളിൽ വിളആരോഗ്യപരിപാലനത്തെ സംബന്ധിച്ച 3 ദിവസത്തെ പരിശീലനവും നൽകുന്നു. താൽപര്യമുള്ള കർഷകർ RATTC യുമായി ബന്ധപ്പെടുക. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9447551954.

## പരിശീലനം

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ കർഷകർക്കായി 'ബഡ്ഡിങ് ലെയറിംഗ് ആൻഡ് ഗ്രാഫ്റ്റിംഗ്' എന്ന വിഷയത്തിൽ ഒരു ത്രിദിന പരിശീലന പരിപാടി നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് : 1,575/ രൂപ. 2020 ഫെബ്രുവരി 12, 13, 14 തിയ്യതികളിൽ കമ്മ്യൂണിക്കേഷൻ സെന്റർ മണ്ണുത്തിയിൽ വച്ച് നടത്തുന്ന പരിപാടിയിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 0487 – 2370773 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക

# ഇന്ത്യാ റബ്ബർമീറ്റ്

റബ്ബർബോർഡും റബ്ബർമേഖലയിലെ പ്രമുഖ സംഘടനകളും സംയുക്തമായി സംഘടിപ്പിക്കുന്ന ഇൻഡ്യാ റബ്ബർ മീറ്റ് 2020 ഫെബ്രുവരി 28-ന് തമിഴ്നാട്ടിലെ മാമല്ലപുരത്തുള്ള റാഡിസൺ ബ്ലൂ റിസോർട്ട് ടെമ്പിൾ ബേ-യിൽ വെച്ച് ആട്ടോമോട്ടീവ് ടയർ മാനുഫാക്ചറേഴ്സ് അസോസിയേഷൻ പ്രസിഡണ്ടും എം. ആർ. എഫ്. ലിമിറ്റഡിന്റെ ചെയർമാനും മാനേജിങ് ഡയറക്ടറുമായ കെ.എം. മാമ്മൻ ഉദ്ഘാടനം ചെയ്യും. രണ്ടു ദിവസത്തെ സമ്മേളനപരിപാടികൾ ഫെബ്രുവരി 28, 29 തീയതികളിൽ നടക്കും. ഉദ്ഘാടനച്ചടങ്ങിൽ റബ്ബർ ബോർഡ് ചെയർമാൻ ഡോ. സാവർ ധനാനിയ വിശിഷ്ടാതിഥിയായിരിക്കും. റബ്ബർമേഖലയെ പ്രതിനിധാനം ചെയ്യുന്ന എല്ലാ വിഭാഗങ്ങളുടെയും പങ്കാളിത്തത്തോടെ രണ്ടുവർഷത്തിലൊരിക്കൽ നടത്തിവരുന്ന സമ്മേളനങ്ങളിൽ അഞ്ചാമത്തേതാണ് ഇത്. റബ്ബർബോർഡും റബ്ബർമേഖലയിലെ പ്രമുഖ സംഘടനകളും അംഗങ്ങളായി രജിസ്റ്റർ ചെയ്തിട്ടുള്ള ഇന്ത്യാ റബ്ബർ മീറ്റ് ഫോറം (ഐ.ആർ.എം.എഫ്.) ആണ് മീറ്റ് സംഘടിപ്പിക്കുന്നത്. 'റബ്ബർ റീസർജൻസ് ത്രൂ ഇന്നവേഷൻ' എന്നതാണ് ഐ.ആർ.എം. 2020- ന്റെ വിഷയം. റബ്ബർമേഖല നേരിടുന്ന വെല്ലുവിളികളും മേഖലയിൽ ലഭ്യമായ അവസരങ്ങളും ഉജ്ജീവനത്തിന് സഹായകമായ മാർഗ്ഗങ്ങളും സമ്മേളനത്തിൽ ചർച്ച ചെയ്യപ്പെടും. മേഖലയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളെ അധികരിച്ച് രാജ്യാന്തരതലത്തിൽ അറിയപ്പെടുന്ന വിദഗ്ധർ സംസാരിക്കും.

## അറിയിപ്പ്

ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിലെ ശാർക്കര മൃഗാശുപത്രിയിൽ മുട്ടക്കോഴി വളർത്തൽ പദ്ധതിയിൽ ലിസ്റ്റിൽ പേരുള്ള ഗുണഭോക്താക്കൾ എത്രയും പെട്ടെന്ന് തന്നെ തങ്ങളുടെ ഗുണഭോക്തൃ വിഹിതം അടയ്ക്കണമെന്ന് ശാർക്കര മൃഗാശുപത്രിയിൽ നിന്നും അറിയിക്കുന്നു.

## പരിശീലനം

മൃഗസംരക്ഷണ വകുപ്പിന്റെ ഇടുക്കി ജില്ലയിലെ വാഗമൺ ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററിന്റെ ആഭിമുഖ്യത്തിൽ തൊടുപുഴ പി.ഡബ്ല്യൂ.ഡി റെസ്റ്റ് ഹൗസ് ഹാളിൽ വച്ച് ഫെബ്രുവരി മാസം കർഷകർക്ക് വിവിധ വിഷയങ്ങളിൽ പരിശീലനം നൽകുന്നു. ഫെബ്രുവരി മാസം 11 ന് മുയൽ വളർത്തൽ, 12 ന് താറാവ് വളർത്തൽ, 13 ന് പോത്തുകുട്ടി പരിപാലനം, 14 ന് കാടവളർത്തൽ, 18,19 തീയതികളിൽ കറവപ്പശുപരിപാലനം, 25,26 തീയതികളിൽ മുട്ടക്കോഴി വളർത്തൽ, 27,28 തീയതികളിൽ ഇറച്ചിക്കോഴി വളർത്തൽ എന്നിവയിലാണ് പരിശീലനം. പരിശീലനം പൂർത്തിയാക്കുന്നവർക്ക് സാക്ഷ്യപത്രവും കൈപ്പുസ്തകങ്ങളും നൽകും. വെറ്റിനറി സർവ്വകലാശാലയിലേയും മൃഗസംരക്ഷണ വകുപ്പിലേയും വിദഗ്ധർ നയിക്കുന്ന പരിശീലനങ്ങൾക്ക് ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന അറുപത് പേർക്ക് വീതമായിരിക്കും ഓരോ വിഷയങ്ങൾക്കും അവസരമുണ്ടായിരിക്കുക. പരിശീലനം സൗജന്യമായിരിക്കും. പേര് രജിസ്റ്റർ ചെയ്യുന്നതിനായി 9446131618, 9744276759 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

## പരിശീലനം

ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഫെബ്രുവരി മാസം വിവിധ വിഷയങ്ങളിൽ സൗജന്യ പരിശീലനം നൽകുന്നു. ആലുവ നേതാജി റോഡിലെ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 12,13 തീയതികളിൽ കറവപ്പശു പരിപാലനം 18ന് താറാവ് വളർത്തൽ, എന്നീ വിഷയങ്ങളിൽ പരിശീലനം നൽകുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 0484-2631355 എന്ന നമ്പരിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെയുള്ള സമയങ്ങളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിലെ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

## കർഷകർക്കൊരു അറിയിപ്പ്

ഈ ആഴ്ചത്തെ കൃഷിപ്പണിക്ക് കർഷകർക്കൊരു അറിയിപ്പ് ഇനി പറയുന്നു. വാഴക്ക് നന തുടരാം. ശരാശരി 100 ലിറ്റർ വെള്ളം ഒരാഴ്ച്ച നൽകണം. ശുപാർശയനുസരിച്ച് ജലസേചനത്തിനു കഴിയാത്തവർ വൈക്കോലോ മറ്റ് ഉണങ്ങിയ വസ്തുക്കളോ കൊണ്ട് പുതയിടണം. അഞ്ചു മാസം പ്രായമായ നേന്ത്രവാഴയിൽ തടതുരപ്പന്റെ ആക്രമണത്തിനെതിരെ പ്രതിരോധ നടപടികൾ സ്വീകരിക്കണം. പശിമയുള്ള മണ്ണ് കുഴമ്പ് രൂപത്തി ലാക്കി അത് തടയിൽ ഒന്ന് ഒന്നര മീറ്റർ ഉയരം വരെ മാസത്തിൽ ഒരിക്കൽ വീതം തേച്ചു കൊടുക്കുന്നത് ഒരു നല്ല പ്രതിരോധ നടപടിയാണ്. മൺകുഴ മ്പിൽ വെള്ളത്തിൽ കലക്കാവുന്ന പൊടിരൂപത്തിലുള്ള കീടനാശിനി ചേർത്ത് തടകളിൽ തേച്ച് കൊടുക്കുന്നത് ചെല്ലികൾ മുട്ടയിടുന്നത് തടയു

ന്നതാണ്. കുറുനാമ്പു രോഗമുള്ള വാഴ വെട്ടി നശിപ്പിക്കുക. വാഴപ്പേനാണ് ഈ രോഗം പരത്തുന്നത്. ഇവയെ നിയന്ത്രിക്കാനായി 1.5 മില്ലി ഡൈമെത്തോയേറ്റ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക.